# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ അറിവിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും കേന്ദ്രമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; യുവജന കേന്ദ്രീകൃതമായ 62,000 കോടിയിലധികം രൂപയുടെ വിവിധ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.

   **India is a hub of knowledge and expertise, says Prime Minister Narendra Modi. The Prime Minister launched various youth-centric initiatives worth over Rs.62,000 crore in New Delhi.**

2. സ്വസ്ത് നാരി സശക്ത് പരിവാർ അഭിയാന്റെ ഭാഗമായി രാജ്യത്ത് 18 ലക്ഷത്തോളം ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചതായി കേന്ദ്രമന്ത്രി ജെപി നഡ്ഡ.

   **Union Minister JP Nadda said that around 18 lakh health camps have been organized in the country as part of the Swast Nari Sashakt Parivar Abhiyan.**

3. രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചുമയ്ക്കും ജലദോഷത്തിനുമുള്ള മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന മാർഗനിർദേശം പുറത്തിറക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   **The Union Health Ministry has issued guidelines that cough and cold medicines should not be given to children below two years of age unless prescribed by a doctor.**

4. കാർഷിക സർവകലാശാലകളിലെ ബിരുദ സീ റ്റുകളിൽ 20 ശതമാനം, അഖിലേന്ത്യാ മത്സര പരീക്ഷയിലൂടെ നികത്തുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ .

   **Union Minister Shivraj Singh Chouhan said that 20 percent of the undergraduate seats in agricultural universities will be filled through All India Competitive Examination.**

5. ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്നതിനായി കേരള സർക്കാർ സംഘടിപ്പിക്കുന്ന പരിപാടി ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത്.

   **The Kerala government will organize an event to honour actor Mohanlal, who won the Dadasaheb Phalke Award, in Thiruvananthapuram this evening.**

6. അഹമ്മദാബാദിൽ ഇന്ത്യക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റിൻഡീസിന് ബാറ്റിംഗ് തകർച്ച.

   **Batting collapse for West Indies in the first cricket Test against India in Ahmedabad.**

*****************************

## PM- YOUTH SCHEME (INTRO)

ഇന്ത്യ, അറിവിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും കേന്ദ്രമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നൈപുണ്യവികസനം രാഷ്ട്രനിർമാണത്തിൽ നിർണായക പങ്ക് വഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, സംരംഭകത്വം എന്നിവയ്ക്ക് ഊന്നൽ നൽകി, 62,000 കോടിയിലധികം രൂപയുടെ യുവജന കേന്ദ്രീകൃത സംരംഭങ്ങൾ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്)

യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ടുള്ള പി.എം-സേതു പദ്ധതിക്കും തുടക്കം കുറിച്ചു. സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി, നവോദയ വിദ്യാലയങ്ങളിലും ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലുമായി സ്ഥാപിച്ച

1,200 വൊക്കേഷണൽ സ്കിൽ ലാബുകളും ശ്രീ മോദി ഉദ്ഘാടനം ചെയ്തു. അഞ്ച് ലക്ഷം ബിരുദധാരികൾക്ക് രണ്ട് വർഷത്തേക്ക് ആയിരം രൂപ പ്രതിമാസ അലവൻസും സൗജന്യ നൈപുണ്യ പരിശീലനവും നൽകുന്ന ബിഹാറിന്റെ നവീകരിച്ച മുഖ്യമന്ത്രി നിശ്ചയ് സ്വയം സഹായത ഭട്ട യോജനയ്ക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

***************************

## PM-TRUMP GAZA, UN WELCOME GAZA PEACE

ശാശ്വതവും നീതിയുക്തവുമായ സമാധാനത്തിനായുള്ള, എല്ലാ ശ്രമങ്ങളെയും ഇന്ത്യ ശക്തമായി പിന്തുണയ്ക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗാസയിലെ സമാധാന ശ്രമങ്ങൾ നിർണായക പുരോഗതി കൈവരിക്കുന്ന സാഹചര്യത്തിൽ അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ നേതൃത്വത്തെ ഇന്ത്യ സ്വാഗതം ചെയ്യുന്നുവെന്നും ശ്രി മോദി സാമൂഹിക മാധ്യമ കുറിപ്പിൽ പറഞ്ഞു. അതേസമയം, ബന്ദികളെ മോചിപ്പിക്കാനും അമേരിക്കൻ പ്രസിഡന്റ് മുന്നോട്ടുവച്ച ഗാസ സമാധാന നിർദ്ദേശവുമായി സഹകരിക്കാനുമുള്ള ഹമാസിന്റെ പ്രഖ്യാപനത്തെ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് സ്വാഗതം ചെയ്തു. അടിയന്തരവും സ്ഥിരവുമായ വെടിനിർത്തൽ, ബന്ദികളുടെ മോചനം, തടസ്സമില്ലാത്ത മാനുഷിക സഹായം എന്നിവ ഉറപ്പാക്കണമെന്ന് അഭ്യർത്ഥിച്ച ഗുട്ടെറസ്, ഗാസയിലെ സംഘർഷം അവസാനിപ്പിക്കാൻ എല്ലാ കക്ഷികളും ശ്രമിക്കണമെന്നും ആവശ്യപ്പെട്ടു. സംഘർഷം അവസാനിപ്പിക്കാനുള്ള ഖത്തറിന്റെയും ഈജിപ്തിന്റെയും മധ്യസ്ഥ ശ്രമങ്ങളെയും, അദ്ദേഹം പ്രശംസിച്ചു.

***************************

## CENTRE - COUGH SYRUPS

രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചുമയ്ക്കും ജലദോഷത്തിനുമുള്ള മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന മാർഗനിർദേശം പുറത്തിറക്കി, കേന്ദ്ര ആരോഗ്യ മന്ത്രാലയം. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക്,

കൃത്യമായ പരിശോധനകൾക്കു ശേഷം, കടുത്ത മേൽനോട്ടത്തിലായിരിക്കണം മരുന്നുകൾ നൽകേണ്ടതെന്നും നിർദ്ദേശമുണ്ട്. ഇതുസംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ആരോഗ്യ വകുപ്പ് ഡയറക്ടർമാർക്ക്, മന്ത്രാലയം കത്ത് നൽകി. അതേസമയം, മധ്യപ്രദേശിൽ കഫ് സിറപ്പ് കഴിച്ച കുട്ടികൾ മരിച്ചെന്ന സമീപകാല റിപ്പോർട്ടുകൾ കണക്കിലെടുത്ത്, സംയുക്ത സംഘം, സ്ഥലം സന്ദർശിച്ച്, വിവിധ കഫ് സിറപ്പുകളുടെ സാമ്പിളുകൾ ശേഖരിച്ചു.

****************************

## NADDA-SWASTH ABHIYAN

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാൻറെ ഭാഗമായി രാജ്യത്ത് 18 ലക്ഷത്തോളം ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചതായി കേന്ദ്ര മന്ത്രി ജെപി നഡ്ഡ. ക്യാമ്പയിനിലൂടെ രാജ്യത്തെ 6.5 കോടി വനിതകളെ ആരോഗ്യപരിശോധനയ്ക്ക് വിധേയമാക്കിയതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിൽ രാജ്യത്തിനുള്ള ശക്തമായ പ്രതിബദ്ധതയുടെ അടയാളമാണിതെന്ന് ശ്രീ നഡ്ഡ വ്യക്തമാക്കി.

****************************

## AGRICULTURAL UNIVERSITY SEAT

കാർഷിക സർവകലാശാലകളിലെ ബിരുദ സീറ്റുകളിൽ 20 ശതമാനം, അഖിലേന്ത്യാ മത്സര പരീക്ഷയിലൂടെ നികത്തുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. 2025-26 അധ്യയന വർഷം മുതൽ ഈ തീരുമാനം നടപ്പിലാക്കുമെന്നും, ഇതിലൂടെ രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികൾക്ക് ലളിതവും ഏകീകൃതവുമായ പ്രവേശനം ലഭ്യമാകുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. പന്ത്രണ്ടാം ക്ലാസിൽ ബയോളജി, കെമിസ്ട്രി, ഫിസിക്സ്, കണക്ക് അല്ലെങ്കിൽ അഗ്രികൾച്ചർ എന്നീ വിഷയങ്ങൾ പഠിച്ച വിദ്യാർത്ഥികൾക്ക് C.U.E.T- I.C.A.R ദേശീയ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നേടാൻ ഈ നീക്കം വഴിയൊരുക്കും.

****************************

## ELECTION COMMISSION

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനത്തെ 12 രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി യോഗം ചേരുന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ പട്നയിലാണ് യോഗം. തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘം രണ്ട് ദിവസം പട്നയിൽ തുടരും. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവർ സംഘത്തിലുണ്ട്.

****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************

## GST REFORMS

പുതു തലമുറ ജിഎസ്ടി പരിഷ്കരണം വഴി വാണിജ്യ ചരക്ക് വാഹനങ്ങളുടെ നികുതി നിരക്ക് കുറച്ചത് ലോജിസ്റ്റിക്സ്, ഗതാഗത മേഖലയ്ക്ക് ഏറെ ഗുണകരമാകും. ഈ നീക്കം രാജ്യത്തിന്റെ വിതരണ ശൃംഖലയെ കൂടുതൽ പുനരുജ്ജീവിപ്പിക്കുകയും കയറ്റുമതി മത്സരശേഷി മെച്ചപ്പെടുത്തുകയും ചെയ്യുമെന്നാണ് വിലയിരുത്തൽ. രാജ്യത്തുടനീളമുള്ള ചരക്ക് നീക്കത്തെ ഉത്തേജിപ്പിക്കുക ലക്ഷ്യമിട്ട് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായാണ് ജിഎസ്ടി നിരക്ക് കുറച്ചിട്ടുള്ളത്.

****************************

## FAKE AI-GENERATED VIDEO

എയർ ചീഫ് മാർഷൽ അമർപ്രീത് സിംഗിന്റെ പേരിൽ പ്രചരിക്കുന്ന വീഡിയോ, വ്യാജമാണെന്ന് കേന്ദ്ര സർക്കാർ . വീഡിയോ, നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും എയർ ചീഫ് മാർഷൽ അത്തരമൊരു പ്രസ്താവന നടത്തിയിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് പറഞ്ഞു. പരിഭ്രാന്തി സൃഷ്ടിക്കുന്നതിനും ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതിനുമായി നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ച വീഡിയോകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും സർക്കാർ വ്യക്തമാക്കി.

******************************

## LAL SALAM-MOHANLAL

രാജ്യത്തെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്നതിനായി കേരള സർക്കാർ സംഘടിപ്പിക്കുന്ന മലയാളം വാനോളം - ലാൽസലാം പരിപാടി ഇന്ന് വൈകിട്ട് 4.30 മുതൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന് വേണ്ടി മോഹൻലാലിനെ ആദരിക്കും. കവി പ്രഭാവർമ്മ രചിച്ച പ്രശസ്തിപത്രം മുഖ്യമന്ത്രി ശ്രീ മോഹൻലാലിന് സമർപ്പിക്കും.

******************************

## NAVARATHRI… (INTRO)

തിരുവനന്തപുരത്ത് നിന്ന് പദ്മനാഭപുരത്തേക്കുള്ള നവരാത്രി വിഗ്രഹങ്ങളുടെ മടക്ക ഘോഷയാത്ര ആരംഭിച്ചു. രാവിലെ എട്ട് മണിയോടെയാണ് മടക്ക ഘോഷയാത്ര ആരംഭിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......**

(വോയ്സ്)

*************************

## IND-WI CRICKET

അഹമ്മദാബാദിൽ ഇന്ത്യക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റിൻഡീസിന് ബാറ്റിംഗ് തകർച്ച. ഇന്ത്യയുടെ കൂറ്റൻ ലീഡ് പിന്തുടരുന്ന വെസ്റ്റിൻഡീസ്, ഒടുവിൽ വിവരം ലഭിക്കുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ 5 വിക്കറ്റിന് 90 റൺസ് എന്ന നിലയിലാണ്. ഇന്ത്യ, ഒന്നാം ഇന്നിംഗ്സ് 5 വിക്കറ്റിന് 448 റൺസിന് ഡിക്ലയർ ചെയ്തിരുന്നു. 286 റൺസിൻറെ ലീഡാണ് ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ നേടിയത്.

*************************

## DEVASWOM PRESIDENT

ശബരിമലയിലെ സ്വർണപ്പാളി ചെന്നൈയിൽ കൊണ്ടുപോയതിൽ വീഴ്ചയില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്.പ്രശാന്ത്. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 12 പാളികളാണ് കൊണ്ടുപോയത്. ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈയിൽ കൊടുത്തുവിട്ടിട്ടില്ല. അദ്ദേഹത്തിൻറെ പേരിലാണ് 40 വർഷത്തെ വാറൻറി ഉള്ളത്. അതുകൊണ്ടാണ് അദ്ദേഹത്തെ കൂട്ടേണ്ടിവന്നതെന്നും പി എസ് പ്രശാന്ത് പറഞ്ഞു. സംഭവത്തിൽ വിശദമായ അന്വേഷണം വേണമെന്നും അദ്ദേഹം വ്യക്തമാക്കി. ശബരിലയിൽ 1998 ൽ വഴിപാടായി ലഭിച്ച സ്വർണ്ണപ്പാളികൾ 2019 ൽ സ്വർണ്ണം അല്ലാതായത് എങ്ങനെയാണെന്നതിൽ സമഗ്ര അന്വേഷണം വേണമെന്ന് പന്തളം കൊട്ടാര നിർവാഹക സംഘം ആവശ്യപ്പെട്ടു.

*************************

## PALAKKAD – MEDICAL

പാലക്കാട് ഒൻപത് വയസുകാരിയുടെ കൈ മുറിച്ചുമാറ്റേണ്ടി വന്നത് ചികിത്സാപ്പിഴവ് മൂലമാണെന്ന പരാതിയിൽ കൂടുതൽ അന്വേഷണം ആവശ്യപ്പെട്ട് വിവിധ സംഘടനകൾ. അതെ സമയം ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർക്ക് വീഴ്ച സംഭവിച്ചിട്ടില്ലെന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ പ്രാഥമിക റിപ്പോർട്ടിലെ സൂചന. പല്ലശന ഒഴിവുപാറ സ്വദേശിയായ പെൺകുട്ടിയുടെ വലതുകൈ ആണ് മുറിച്ചുമാറ്റിയത്.

****************************************************************************************************************************************************
*************************************